പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2445 **27-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ലഹരി വിമുക്ത പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണവും പരിശോധനകളും ഊർജ്ജിതമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി ബോധവത്കരണ പ്രവർത്തനങ്ങളും പരിശോധനകളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 01/01/2026 മുതൽ 20/10/2026 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് ആകെ 1216 റെയ്ഡുകളും, പോലീസും മറ്റ് വകുപ്പുകളുമായി സഹകരിച്ച് 32 സംയുക്ത റെയ്ഡുകളും, 2450 വാഹന പരിശോധനകളും നടത്തിയിട്ടുണ്ട്. മുൻ കേസുകളിൽ ഉൾപ്പെട്ടതും ഒളിവിൽ കഴിഞ്ഞു വന്നിരുന്നതുമായ 6 വാറണ്ട് പ്രതികളെ ഇക്കാലയളവിൽ പിടികൂടി നിയമനടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്. 174 അബ്കാരി കേസുകൾ കണ്ടെത്തുകയും ഇവയിലെ 176 പ്രതികളിൽ 150 പേരെ അറസ്റ്റ് ചെയ്ത് 9250/- രൂപയും ഒരു വാഹനവും തൊണ്ടിമുതലായി പിടിച്ചെടുക്കുകയും ചെയിതിട്ടുണ്ട്.

മയക്കുമരുന്ന് വ്യാപനത്തിനെതിരെ എൻ.ഡി.പി.എസ് നിയമപ്രകാരം 115 കേസുകൾ രജിസ്റ്റർ ചെയ്യുകയും, 113 പ്രതികളിൽ 108 പേരെ അറസ്റ്റ് ചെയ്യുകയും 1500/- രൂപയും, ഒരു മൊബൈൽ ഫോണും, ലഹരി അളക്കാൻ ഉപയോഗിച്ച ത്രാസ ഉപകരണവും പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളുടെ ചുറ്റളവിലും പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും ഉപയോഗിക്കുന്നതിനുമെതിരെ കോട്പ നിയമപ്രകാരം 379 കേസുകൾ രജിസ്റ്റർ ചെയ്യുകയും, 379 പ്രതികളിൽ നിന്നായി 75,800/- രൂപ പിഴ ഈടാക്കുകയും 27.440 കി.ഗ്രാം നിരോധിത പുകയില ഉൽപ്പന്നങ്ങളും 41 ഇ-സിഗരറ്റുകളും പിടിച്ചെടുക്കുകയും ചെയ്തു.

കൂടാതെ 16.450 ലിറ്റർ ചാരായം, 545.325 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 3.000 ലിറ്റർ വിദേശ നിർമ്മിത വിദേശമദ്യം, 0.700 ലിറ്റർ ബിയർ, 244.500 ലിറ്റർ കള്ള്, 290 ലിറ്റർ വാഷ് എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ 2.276 കി.ഗ്രാം ഗഞ്ചാവ്, 6 ഗഞ്ചാവ് ചെടികൾ, 8.413 ഗ്രാം എം.ഡി.എം.എ (MDMA), 6.042 ഗ്രാം മെത്താംഫെറ്റാമൈൻ തുടങ്ങിയ മാരക ലഹരിവസ്തുക്കളും പിടികൂടി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്കിടയിലെ ലഹരി വ്യാപനം തടയുന്നതിനായി സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് 348 പ്രത്യേക പരിശോധനകൾ നടത്തി. ബസ്സ്റ്റാന്റുകളിൽ 89 പരിശോധനകളും, റെയിൽവേ

സ്റ്റേഷനുകളിൽ 24 പരിശോധനകളും, അതിഥി തൊഴിലാളികളുടെ ക്യാമ്പുകളിൽ 51 പരിശോധനകളും, മറ്റ് കെട്ടിടങ്ങളിൽ 11 പരിശോധനകളും നടത്തി. വ്യാജമദ്യ നിർമ്മാണവും ക്രമക്കേടുകളും തടയുന്നതിനായി മണ്ഡലത്തിലെ കള്ളുഷാപ്പുകൾ, കള്ള് കൊണ്ടുപോകുന്ന വാഹനങ്ങൾ, ബാറുകൾ, ബിവറേജസ് ഔട്ട് ലെറ്റുകൾ, മറ്റ് ലൈസൻസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും ഗുണനിലവാര പരിശോധനയ്ക്കായി കള്ളുഷാപ്പുകളിൽ നിന്ന് 150-ഉം, ബാറുകളിൽ നിന്ന് 23-ഉം, കള്ള് വാഹനങ്ങളിൽ നിന്ന് 7-ഉം സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാലയങ്ങളിലെ വിമുക്തി ക്ലബ്ബുകൾ വഴിയും ലഹരിവിരുദ്ധ കൂട്ടായ്മകൾ വഴിയും നിരന്തര ബോധവൽക്കരണം ഉറപ്പാക്കുകയും, രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എക്സൈസ് പാർട്ടി നിരീക്ഷണവും പ്രത്യേക പട്രോളിംഗും നിയോജകമണ്ഡലത്തിൽ ഊർജിതമായി നടത്തിവരുന്നുണ്ട്. സർക്കാരിന്റെ 100 ദിന പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി എക്സൈസ് സർക്കിൾ പരിധിയിലുള്ള 14കോളേജുകളിലും 25ഹോസ്റ്റലുകളിലും തണ്ടർ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കോളേജുകളിൽ 25 വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

റിലാക്സ് പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡല പരിധിയിലെ ചങ്ങനാശ്ശേരി എക്സൈസ് റേഞ്ച് ഓഫീസ് പരിധിയിലുള്ള കുറിച്ചി പഞ്ചായത്തിലെ മുട്ടത്തുകടവ് എന്ന സ്ഥലം 22.09.2026 ന് ബഹു: ചങ്ങനാശ്ശേരി എം.എൽ.എ ശ്രീ.വിനു ജോബ് ഉദ്ഘാടനം നിർവ്വഹിച്ചു. മറ്റ് സ്ഥലങ്ങളിലും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സ്കൂൾ-കോളേജ് പരിസരങ്ങളിലും മറ്റ് പൊതുസ്ഥലങ്ങളിലും ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം എന്തൊക്കെ പ്രത്യേക നിരീക്ഷണങ്ങളാണ് നടത്തിവരുന്നത് എന്ന് വിശദമാക്കാമോ;

<u>മറുപടി:</u> സ്കൂൾ-കോളേജ് പരിസരങ്ങളിലും പൊതുസ്ഥലങ്ങളിലും ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് വകുപ്പ് കർശനമായ നിരീക്ഷണങ്ങളും മാതൃകാപരമായ പ്രതിരോധ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

ലഹരി മാഫിയകളും സാമൂഹിക വിരുദ്ധരും താവളമാക്കുന്ന പൊതുയിടങ്ങളെയും ഒഴിഞ്ഞ പ്രദേശങ്ങളെയും കണ്ടെത്തി, അവ സമൂഹത്തിനും യുവാക്കൾക്കും പ്രയോജനപ്പെടുന്ന ഓപ്പൺ ജിമ്മുകൾ, വോളിബോൾ കോർട്ടുകൾ, വായനശാലകൾ തുടങ്ങിയ കായിക-വിനോദ കേന്ദ്രങ്ങളാക്കി മാറ്റി യുവജനങ്ങളെ ലഹരിയിൽ നിന്ന് അകറ്റിനിർത്തുന്നതിനായി എക്സൈസ് വകുപ്പ് 'റിലാക്സ്' (RELACZ - Rest & Entertainment in Leisure times At Comfort Zones) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഇതോടൊപ്പം വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള ലഹരി വ്യാപനം തടയുന്നതിനായി സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകൾ നടത്തി വരുന്നു. പൊതുസ്ഥലങ്ങളിലെയും ട്രാൻസിറ്റ് പോയിന്റുകളിലെയും ലഹരി കൈമാറ്റം തടയുന്നതിനായി ബസ് സ്റ്റാൻഡ് , റെയിൽവേ സ്റ്റേഷൻ, ഒഴിഞ്ഞ കെട്ടിടങ്ങൾ എന്നിവടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. കൂടാതെ അതിഥി തൊഴിലാളി ക്യാമ്പുകളിലും നഗര പരിസരങ്ങളിൽ പരിശോധനകളും ആരോഗ്യ വകുപ്പും, തൊഴിൽ വകുപ്പുമായി ചേർന്ന് അതിഥി തൊഴിലാളി ക്യാമ്പിൽ പരിശോധന നടത്തുകയും, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

(സി) മണ്ഡലത്തിലെ അനധികൃത മദ്യവ്യാപാരം, ലഹരി ഉൽപ്പന്നങ്ങളുടെ കടത്ത് എന്നിവ കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് വിവരം നൽകുന്നതിനായും ഹെൽപ്പ്ലൈൻ പോലുള്ള എന്തൊക്കെ നൂതന സാങ്കേതിക സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അനധികൃത മദ്യപാനം, മദ്യ-മയക്കുമരുന്ന് കടത്ത്, വിപണനം എന്നിവ തടയുന്നതിനും, ഇത്തരം സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ഭയരഹിതമായി വിവരങ്ങൾ കൈമാറുന്നതിനുമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നൂതന ജനകീയ-സാമൂഹിക സംവിധാനങ്ങളും ഹെൽപ്പ് ലൈനുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.

ലഹരി വിരുദ്ധ പോരാട്ടത്തിൽ പൊതുജനങ്ങളെ നേരിട്ട് പങ്കാളികളാക്കുന്നതിന് ആവിഷ്കരിച്ച പീപ്പിൾസ് ഐ മൊബൈൽ ആപ്പ് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ലഹരി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ അറിയിക്കുവാൻ കഴിയും. വിവരം നൽകുന്നവരുടെ വ്യക്തി വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല ടോൾ ഫ്രീ കൺട്രോൾ റൂം നമ്പറായ 155358, എക്സൈസ് ഹെൽപ്പ് ലൈൻ നമ്പറായ 9447178000, ജില്ലാതല കൺട്രോൾ റൂം നമ്പറായ 0481-2562211 എക്സൈസ് സർക്കിൾ-റേഞ്ച് ഓഫീസുകളിലെ ഔദ്യോഗിക ഫോൺ നമ്പറുകളായ, "04812422741, 04812423141" എന്നിവ കൂടാതെ "9400069509, 9400069516 " എന്നീ നമ്പറുകൾ വഴിയും പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകാവുന്നതാണ്. വിവരം നൽകുന്നവരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാനുള്ള സുരക്ഷാ പ്രോട്ടോക്കോളും നിലവിലുണ്ട്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ രൂപീകരിച്ച വാർഡ് തല ജാഗ്രതാ സമിതികൾ, റസിഡന്റ്സ് അസോസിയേഷൻ തല ലഹരിവിരുദ്ധ സമിതികൾ, സ്കൂളുകളിൽ പ്രവർത്തിക്കുന്ന വിമുക്തി ക്ലബ്ബുകൾ എന്നിവ വഴിയും താഴെത്തട്ടിൽ നിന്നുള്ള വിവരശേഖരണം നടത്തിവരുന്നു. ഒഴിഞ്ഞ പൊതുയിടങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി ഉപയോഗം തടയാൻ പ്രദേശവാസികളെ പങ്കാളികളാക്കി നടപ്പിലാക്കിയ 'റിലാക്സ്' പദ്ധതി വഴി ലഭിക്കുന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് നിയോജക മണ്ഡലത്തിൽ ശക്തമായ സാമൂഹിക ജാഗ്രത ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) ചങ്ങനാശ്ശേരിയിലെ എക്സൈസ് ഓഫീസുകൾക്കും റെയ്ഞ്ച് പരിധിയിലെ പരിശോധനാ യൂണിറ്റുകൾക്കും ആവശ്യമായ കെട്ടിടങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും നിലവിലുള്ള ജീവനക്കാരുടെ ക്ഷാമവും വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതിനുള്ള എന്തൊക്കെ പരിഹാര മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് രേഖാമൂലം അറിയിക്കാമോ;

മറുപടി: ചങ്ങനാശ്ശേരി എക്സൈസ് സർക്കിൾ ഓഫീസിനും എക്സൈസ് റേഞ്ച് ഓഫീസിനുമായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ 'എക്സൈസ് കോംപ്ലക്സ്' 2026-ൽ നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഇതോടെ ഈ ഓഫീസുകളിലെ കെട്ടിടങ്ങളുടെയും അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെയും ദൗർലഭ്യത്തിന് ശാശ്വതമായ പരിഹാരമായിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. ഫീൽഡ് തല പരിശോധനകൾ, പട്രോളിംഗുകൾ, റെയ്ഡുകൾ എന്നിവ കാര്യക്ഷമമാക്കുന്നതിനായി ആവശ്യമായ വാഹന സൗകര്യങ്ങളും വിപുലീകരിച്ചിട്ടുണ്ട്. എക്സൈസ് സർക്കിൾ ഓഫീസിലും റേഞ്ച് ഓഫീസിലുമായി 2 നാലുചക്ര വാഹനങ്ങളും ഫീൽഡ് പരിശോധനകൾക്കായി ബൈക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, വനിതാ ജീവനക്കാരുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ, അന്വേഷണങ്ങൾ, പട്രോളിംഗ് എന്നിവ

കൂടുതൽ സുഗമവും കാര്യക്ഷമവുമാക്കുന്നതിനായി വനിതാ ഉദ്യോഗസ്ഥർക്കായി പ്രത്യേകമായി സ്ലട്ടും അനുവദിച്ചിട്ടുണ്ട്. നിലവിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കുള്ള ജീവനക്കാർ തന്നെയാണ് വിമുക്തി പ്രവർത്തനങ്ങളും ചെയ്ത് വരുന്നത്. നിലവിലുള്ള ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിജയകരമായി നടത്തി വരുന്നു.

(ഇ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, പരിശോധനകൾ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനുമായി നടപ്പുവർഷം (2026) അനുവദിച്ച ഫണ്ടുകളുടെയും പദ്ധതികളുടെയും പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം രേഖാമൂലം ലഭ്യമാക്കാമോ?

<u>മറുപടി:</u> 2026-27 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 503.89 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എൻഫോഴ്സ്മെന്റ് ഉപകരണങ്ങളുടെ നവീകരണത്തിനായി 13.23 ലക്ഷം രൂപയും, എക്സൈസ് ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിനായി 90 ലക്ഷം രൂപയും, ഐ.ടി. സെല്ലിന്റെ ശക്തിപ്പെടുത്തലിനായി 47.66 ലക്ഷം രൂപയും, സൈബർ സെല്ലിന്റെ നവീകരണത്തിനായി 10.50 ലക്ഷം രൂപയും, സി.സി.ടി.വി. നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമായി 60 ലക്ഷം രൂപയും, റേഞ്ച് ഓഫീസുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 120 ലക്ഷം രൂപയും, പഴയ കമ്പ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 55 ലക്ഷം രൂപയും ഇൻവർട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 27.50 ലക്ഷം രൂപയും വാഹന യാർഡുകളുടെ നിർമ്മാണത്തിനായി 80 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 503.89 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മയക്കുമരുന്ന് കണ്ടെത്തൽ കിറ്റുകൾ വാങ്ങൽ, പുതിയ രാസപരിശോധനാ ലബോറട്ടറി ആരംഭിക്കൽ, സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സി.സി.ടി.വി./എക്സ്-റേ/ഗാമ-റേ സ്കാനർ സംവിധാനങ്ങൾ സ്ഥാപിക്കൽ, മാതൃകാ എക്സൈസ് റേഞ്ച് ഓഫീസ് എന്നീ പദ്ധതികൾക്കായി 70 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന എക്സൈസ് അക്കാദമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 40.86 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 42 വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഉമിനീർ ഉപയോഗിച്ച് മയക്കുമരുന്നിന്റെ സാന്നിധ്യം പ്രാഥമികമായി കണ്ടെത്തുന്നതിനുള്ള 1500 പരിശോധനാ കിറ്റുകൾ 9.81 ലക്ഷം രൂപ ചെലവിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്

വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 42 വാഹനങ്ങൾ എൻഫോഴ്സ്മെന്റ് യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഉമിനീർ ഉപയോഗിച്ച് മയക്കുമരുന്നിന്റെ സാന്നിധ്യം പ്രാഥമികമായി കണ്ടെത്തുന്നതിനുള്ള 1500 പരിശോധനാ കിറ്റുകൾ 9.81 ലക്ഷം രൂപ ചെലവിൽ വാങ്ങി ഫീൽഡ് ഓഫീസുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ